1. നിലവിലുള്ള നികുതിനിരക്കനുസരിച്ച് പ്ലാനിലേക്കുള്ള വിഹിതം 12 കോടി രൂപ.

2. നികുതിവർദ്ധനവിൽനിന്നു പ്രതീക്ഷിക്കുന്ന തുക 4.8 കോടി രൂപ.

3. പൊതുജനങ്ങളിൽനിന്നു വായ്പ 11.0 കോടി രൂപ.

4. ഗവണ്മെൻറനിക്ഷേപങ്ങൾ വിപുലം 2.0 കോടി രൂപ.

പുതുതായി Betterment levy ഏർപ്പെടുത്തി 0.30 കോടി രൂപ ശേഖരിക്കാമെന്നും പ്രതീക്ഷിക്കുന്നുണ്ട്. താഴെ പറയുന്ന ഇനങ്ങളിൽ വർദ്ധിപ്പിച്ച നിരക്കിൽ 4.5 കോടി രൂപയും പ്രതീക്ഷിക്കുന്നു.

1.	വിപുലനനികുതി	0.9	കോടി രൂപ.
2.	കാർഷികാദായനികുതി	0.3	,,
3.	മുദ്രനികുതി	0.8	,,
4.	ജലനിരക്ക് (water rates)	0.7	,,
5.	ബസ്സുകളിൽ	1.8	,,
		4.5	

(സി) ബി വകുപ്പിൻെറ ഉത്തരത്തിൽനിന്നും ഈ വകുപ്പിനും ഉത്തരം ലഭിക്കുന്നതാണ്.

(ഡി) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 12-3-56.

അക്രഡിറ്റഡ് പത്രങ്ങൾ.

77. [1] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു് ആകെ എത്ര അക്രഡിറ്റഡ് പത്രങ്ങൾ ഇപ്പോഴുണ്ടു് ?

ഉത്തരം.

പതിനെട്ടു ദിനപ്പത്രങ്ങൾക്കും എട്ടു വാരികകൾക്കും അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടു്.

ക്രഡിറ്റബാങ്കു് വായ്പകൾ.

78. [2] ശ്രീ. ടി. ഒ. ബാവ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ ക്രഡിറ്റ ബാങ്കിൽനിന്നും 1954-55-ൽ എത്ര കടംവായ്പകൾ നൽകിയിട്ടുണ്ടു് ;

(ബി) 1954-55-ൽ മൊത്തം വായ്പ കൊടുത്ത തുക എന്തു് ;

(സി) 5000 രൂപയും അതിൽ താഴെയുമായി എത്ര വായ്പ കൊടുത്തിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly